2009
മാർച്ച് 30
തിങ്കൾ

The First International Indian Newspaper
ഗൾഫ് മാധ്യമം

GULF MADHYAMAM GMYM 171 MONDAY MARCH 30 , 2009 RABEE-UL-AKHIR 3, 1430. PAGE 16, ISSUE 3644

# ‘എൽ.എം.ആർ.എ നടപടി തൊഴിൽ വിപണിയെ ശുദ്ധീകരിക്കും’

കെ. കണ്ണൻ

മനാമ: തൊഴിൽ വിപണിയുമായി ബന്ധപ്പെട്ട് ലേബർ മാർക്കറ്റ് റഗുലേറ്ററി അതോറിറ്റി നടത്തുന്ന നവീകരണ പ്രവർത്തനങ്ങളെ ബഹ്റൈൻ അസോസിഷേൻ ഓഫ് ജേണലിസ്റ്റ് ചെയർമാൻ ഈസ അൽ ഷൈജി പ്രകീർത്തിച്ചു.

എൽ.എം.ആർ.എയുടെ നടപടി തൊഴിൽവിപണിയെ ശുദ്ധീകരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. സുതാര്യവും കൃത്യവുമായ വിവരങ്ങളാണ് അതോറിറ്റി നൽകുന്നത്. മാധ്യമപ്രവർത്തകർക്ക് വാർത്തകൾ ശരിയായി റിപ്പോർട്ടുചെയ്യുന്നതിൽ ഇത് വലിയ സഹായം ചെയ്യുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

തൊഴിൽ വിപണിയുമായി ബന്ധപ്പെട്ട വിവരങ്ങൾ മനസ്സിലാക്കാൻ എൽ.എം.ആർ.എ മാധ്യമപ്രവർത്തകർക്ക് നടത്തിയ ശിൽപശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

‘ബേസിക് കോൺസെപ്റ്റ്സ് ആൻറ് ഡഫനീഷ്യൻസ് ഓഫ് ലേബർ മാർക്കറ്റ്’ എന്ന പുസ്തകവും അതോറിറ്റി പ്രസിദ്ധീകരിച്ചു. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ കൺസൽട്ടൻറ് ഡോ. ഫർഹദ് മെഹ്റാനാണ് ഗ്രന്ഥകർത്താവ്.

എൽ.എം.ആർ.എയും മാധ്യമപ്രവർത്തകരും പൊതുജനങ്ങളും തമ്മിലുള്ള ആശയവിനിമയം കാര്യക്ഷമമാക്കാൻ പുതിയ മീഡിയ ബ്ലോഗിനും രൂപം നൽകി.



*എൽ.എം.ആർ.എ പ്രസിദ്ധീകരിക്കുന്ന ‘ബേസിക് കോൺസെപ്റ്റ്സ് ആൻറ് ഡഫനീഷ്യൻസ് ഓഫ് ലേബർ മാർക്കറ്റ്’ എന്ന പുസ്തകം ബഹ്റൈൻ അസോസിഷേൻ ഓഫ് ജേണലിസ്റ്റ് ചെയർമാൻ ഈസ അൽ ഷൈജിക്ക് നൽകുന്നു*